بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 26.06.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

**26.06.15 ന് ബൈത്തുൽ ഫുതുഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

**ഈ നാളുകൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പരിശുദ്ധ മാറ്റമുണ്ടാക്കുന്നതിനും ദുആ സ്വീകാരത്തിനും അല്ലാഹു നമുക്ക് നല്കിയിട്ടുള്ളതാണ്. ഇതിലേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ആർക്കൊക്കെ ഏതേതെല്ലാം കാര്യത്തിലാണോ അഭിമാനമുള്ളത് അല്ലെങ്കിൽ ഏതൊരുകാര്യം നമ്മുടെ വിനയവും എളിമയും വർധിപ്പിക്കുന്നതിന് തടസമായി നിൽക്കുന്നുവോ അല്ലെങ്കിൽ ഏതൊരു കാര്യം നമ്മുടെ പരിസരത്ത് നമ്മൾ കാരണത്താൽ അസ്വസ്ഥതയ്ക്കും കുഴപ്പത്തിനും കാരണമാകാനിടയുണ്ടോ അവയെല്ലാം നമുക്ക് അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുമ്പിട്ടും അവനോടു സഹായം ചോദിച്ചും അകറ്റാൻ ശ്രമിക്കേണ്ടതാണ്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

"നമ്മുടെ ജമാഅത്ത് ഖീലയിലും ഖാലയിലും ഒതുങ്ങി നില്ക്കാതിരിക്കേണ്ടതാണ്. യഥാർഥ ഉദ്ദേശ്യമതല്ല. മനഃപരിശുദ്ധിയും പരിഷ്കരണവും നിർബന്ധമാണ്. അതിനുവേണ്ടിയാണ് അല്ലാഹു എന്നെ നിയോഗിച്ചിട്ടുള്ളത്." ജമാഅത്തിൽ കർമപരമായ പരിവർത്തനമുണ്ടാകണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ആഗ്രഹിക്കുന്നു. ഖീലയിലും ഖാലയിലും ഒതുങ്ങി നില്ക്കരുതെന്ന് അവിടന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം പറച്ചിലുകളിൽമാത്രം ഒതുങ്ങി നില്ക്കരുതെന്നാണ്. സ്വന്തംനേട്ടങ്ങൾ കാണുമ്പോൾ അവിടെ വാക്കുകൾ മാറ്റിപ്പറയരുത്; സ്വന്തം സ്വഭാവങ്ങളുടെ നിലവാരങ്ങളെ നിലനിറുത്താൻ പറ്റാതെ വരരുത്. മറിച്ച് ഈമാനും അല്ലാഹു പറഞ്ഞിട്ടുള്ള കാര്യങ്ങളുമനുസരിച്ച് പ്രവർത്തിക്കുകയും സ്വന്തം ആത്മാവിന്റെ പരിഷ്കരണം നടത്തുകയും അതിനെ എപ്പോഴും സംശുദ്ധമാക്കിവെക്കുകയും സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കുകയും ചെയ്യുക. ഇതുണ്ടാകുമ്പോൾ ബയ്അത്ത് ചെയ്തതിന്റെ കടമ നിറവേറ്റപ്പെടുന്നതാണ്. ഈ ഉദ്ദേശ്യസാഫല്യത്തിനാണ് അല്ലാഹു അദ്ദേഹത്തെ അയച്ചത്.

ബയ്അത്ത് ചെയ്തതിന്റെ കടമ നിറവേറ്റുന്നതിന് അല്ലാഹുവിന്റെ കല്പനകളിലേക്ക് ദൃഷ്ടിവെക്കേണ്ടത് അനിവാര്യമാണെന്ന കാര്യം ഒരു അഹ്മദി ഓർമവെക്കേണ്ടതാണ്. അതനുസരിച്ച് പ്രവർത്തിക്കേണ്ട ആവശ്യമുണ്ട്. അല്ലാഹുവിന്റെ തൃപ്തിയായിരിക്കണം നമ്മുടെ ലക്ഷ്യം എന്നത് എപ്പോഴും നമ്മൾ ഓർത്തിരിക്കേണ്ടതാണ്. കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറഞ്ഞിരുന്നു, അല്ലാഹു പറയുന്നു, നിങ്ങൾ സ്വീകാര്യതയുടെ ദൃശ്യങ്ങൾ കാണാനാഗ്രഹിക്കുന്നെങ്കിൽ, ദുആ സ്വീകാരത്തിന്റെ ദൃശ്യങ്ങൾ കാണാനാഗ്രഹിക്കുന്നെങ്കിൽ **ഫൽയസ്തജീബൂലി** എന്നതനുസരിച്ച് പ്രവർത്തിക്കുക. എന്റെ കല്പനകൾ സ്വീകരിക്കുക. അല്ലാഹുവിന്റെ കല്പനകൾ സ്വീകരിക്കുക എന്നാലെന്താണ്? നമ്മുടെ എല്ലാ കഴിവുകളോടുംകൂടി അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുക എന്നതാണത്. നമ്മുടെ ജീവിതത്തെ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് മുന്നോട്ടുകൊണ്ടുപോകുക. അതിനാൽ റമളാനിലെ ഈ പ്രത്യേക ചുറ്റുപാടിൽ അല്ലാഹുവിന്റെ കല്പനകളെ എത്രത്തോളം നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുന്നുണ്ടെന്ന് ആത്മപരിശോധന നടത്തേണ്ടതാണ്. ഇതില്ലെങ്കിൽ അല്ലാഹുവിന്റെ കല്പനകൾ സ്വീകരിക്കുന്നുവെന്ന നമ്മുടെ വാദം പൊള്ളയായിരിക്കുന്നതാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ നിരവധി കല്പനകൾ തന്നിട്ടുണ്ട്. മനഃപരിശുദ്ധിയിലേക്ക് ശ്രദ്ധനിലനില്ക്കാൻ ആ കല്പനകളെ എപ്പോഴും നമ്മൾ മുമ്പിൽ കൊണ്ടുവരേണ്ടതാണ്. ഇപ്പോൾ അല്ലാഹു നല്കിയിട്ടുള്ള കല്പനകളിൽ ചിലത് സമർപിക്കുകയാണ്. അത് നമ്മുടെ ആത്മാവിന്റെ പരിശുദ്ധിയിൽ റോൾ നിർവഹിക്കുന്നതുപോലെ സമൂഹത്തിൽ സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും സമാധാനത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: **വ ഇബാദുർറഹ്മാനില്ലദീന യംശൂന അലൽഅർളി ഹൗനൻവ്വഇദാ ഖാത്തബഹുമൽ ജാഹിലൂന ഖാലൂ സലാമാ** പരമകാരുണികനായ അല്ലാഹുവിന്റെ ദാസന്മാർ ഭൂമിയിൽ ശാന്തരായി നടക്കുന്നവരാണ്.(അഹങ്കരിക്കുകയില്ല). അവിവേകികൾ അവരുമായി സംസാരിക്കുമ്പോൾ അവർ വഴക്കിടുകയില്ല. അവർ പറയും, ഞങ്ങൾ നിങ്ങൾക്കുവേണ്ടി സമാധാനത്തിനായി ദുആ ചെയ്യുന്നു.

നബി(സ)തിരുമേനി കൊണ്ടുവന്ന ആ മഹത്തായ ധാർമികവും ആത്മീയവുമായ വിപ്ലവത്തിന്റെ അധ്യാപനത്തിന്റെ ചിത്രം ഹ്രസ്വമായ നിലയിൽ വരച്ചിട്ടിരിക്കുന്നു. ആ മഹാത്മാവിനെ വിശ്വസിച്ചവരും അദ്ദേഹത്തിന്റെ സ്വഹാബാക്കളും ഈ സ്വഭാവങ്ങൾ തങ്ങളിലുണ്ടാക്കി. ലോകം അന്ധകാരങ്ങളിൽ മുങ്ങിയിരുന്ന അക്കാലത്ത്, ശയ്ത്വാന്റെ പിടിയിലമർന്നിരുന്ന അക്കാലത്ത്, അഹന്തയും സ്വാർഥതയും അഹങ്കാരവും ഫിത്നയും കുഴപ്പവും ലോകത്തെ നാശത്തിന്റെ ഗർത്തത്തിൽ എടുത്തെറിഞ്ഞിരുന്ന അക്കാലത്ത്, മനുഷ്യർക്ക് ശ്രേഷ്ഠമായ സ്വഭാവങ്ങളുടേയും വിനയത്തിന്റേയും എളിമയുടേയും ദർസ് കൊടുക്കുക മാത്രമല്ല നബി(സ)തിരുമേനി ചെയ്തത്. പ്രത്യുത ഈ ആയത്തിന്റെ കർമപരമായ ചിത്രമുൾക്കൊള്ളുന്ന മനുഷ്യരെ ലോകത്ത് വാർത്തെടുക്കുകയും ചെയ്തു. ഇന്നും ലോകത്തിന്റെ അവസ്ഥ ഇതു

തന്നെയാണ്. ഇക്കാലഘട്ടത്തിലും അല്ലാഹു നബി(സ)തിരുമേനിയുടെ സത്യദാസനെ പരമകാരുണികന്റെ അത്തരത്തിലുള്ള ജമാഅത്ത് സ്ഥാപിക്കുന്നതിനുവേണ്ടി നിയോഗിച്ചു. അതിനാൽ ആ മഹാത്മാവിന്റെ ജമാഅത്തിലാണെന്നു പറയുന്ന ഓരോ വ്യക്തിയും ഈ നിലവാരം തങ്ങളുടെ മുമ്പിൽവെക്കേണ്ട ആവശ്യമുണ്ട്. പരമാകാരുണികന്റെ ദാസരെക്കുറിച്ച് അല്ലാഹു പറഞ്ഞത് **യംശൂന അലൽ അർളി ഹൗനാ**-ശാന്തരായി, എളിമയോടും അഹങ്കരിക്കാതെയും നടക്കുന്നവരാണ്.

അതിനാൽ റമളാൻ മാസത്തിൽ നരകകവാടങ്ങൾ അടയ്ക്കപ്പെടുമെന്നും സ്വർഗകവാടങ്ങൾ തുറക്കപ്പെടുമെന്നും അല്ലാഹു അവൻെറ ദാസരുടെ അടുത്തുവരുമെന്നും നബി(സ)തിരുമേനി മുഖേന നമുക്ക് സുവാർത്ത അറിയിച്ചിരിക്കുന്നു. അല്ലാഹു എല്ലാ നേരത്തും എല്ലായിടത്തും നിലവിലുണ്ട്. അല്ലാഹു താഴത്തെ ആകാശത്തിറങ്ങിവരുമെന്നതുകൊണ്ടുള്ള ഉദ്ദേശ്യം സൽകർമങ്ങൾക്ക് കൂടുതൽ പ്രതിഫലം നല്കുന്നു, ദുആകൾ സ്വീകരിക്കുന്നുവെന്നാണ്. അതിനാൽ ഈമാനുണ്ടെന്ന് വാദിക്കുന്ന എല്ലാ ഓരോ അഹ്മദിയും-അവർ യഥാർഥ മുസ്ലീംകളാണ്, പരമകാരുണികന്റെ ദാസരാകാൻ നബി(സ)തിരുമേനിയുടെ സത്യദാസന് ബയ്അത്ത് ചെയ്തവരാണ്-ആത്മപരിശോധന നടത്തിയും വിനയം കാണിച്ചും അഹങ്കാരം അവസാനിപ്പിച്ചും തങ്ങളുടെ സമൂഹത്തിലും വീട്ടിലും പരിസരങ്ങളിലും വഴക്കുകളും കലഹങ്ങളും അവസാനിപ്പിക്കാൻ ശാന്തിയും സമാധാനവും പ്രചരിപ്പിക്കേണ്ടതാണ്. നബി(സ)തിരുമേനി ഇതുസംബന്ധമായി തന്റെ ജീവിതമാതൃക നമ്മുടെ മുമ്പിൽ സ്ഥാപിച്ചു കാണിച്ചു. വിവിധ സന്ദർഭങ്ങളിൽ ഉപദേശങ്ങളും നല്കി. അവിടന്നു പറഞ്ഞു: അല്ലാഹു എന്നോടു പറഞ്ഞു, 'ആരും ആരുടെമേലും അഭിമാനിക്കാത്തവിധം വിനയം കൈക്കൊള്ളുവിൻ.'

ഒരിക്കൽ ഒരു യൂഹൂദി ഹദ്റത്ത് മൂസായുടെ ശ്രേഷ്ഠത സ്ഥാപിക്കാൻ ശ്രമം നടത്തി. അപ്പോൾ ഒരു മുസൽമാൻ ശക്തമായിട്ടു പറഞ്ഞു, മുഹമ്മദു റസൂലുല്ലായുടെ സ്ഥാനം എല്ലാവരെക്കാളും ഉന്നതമാണ്. അങ്ങനെ ആ യഹൂദി അതുമുഖേന തനിക്ക് മാനസിക വിഷമമുണ്ടായെന്ന് നബി(സ)തിരുമേനിയുടെ അടുത്തുവന്ന് പരാതിപ്പെട്ടു. എല്ലാ നബിമാരുടേയും നേതാവായ നബി(സ)തിരുമേനി പറഞ്ഞു,'എനിക്കു മൂസായെക്കാൾ ശ്രേഷ്ഠത നല്കരുത്.' ഇതാണ് ആ മഹത്തായ മാതൃക. ഇതുമുഖേനയാണ് സമൂഹത്തിൽ സമാധാനം നിലനില്ക്കുന്നത്. ഈ ശാന്തിയുടേയും സമാധാനത്തിന്റേയും രഞ്ജിപ്പിന്റേയും രാജാവിനുമേൽ ആക്ഷേപം ഉന്നയിക്കുന്നവർക്കുള്ള-അദ്ദേഹം കാരണത്താലാണ് ലോകത്ത് അസമാധാനം ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് പറഞ്ഞ് ആക്ഷേപം ഉന്നയിക്കുന്നവർക്കുള്ള മറുപടിയാണിത്. നബി(സ)തിരുമേനിയുടെ പേരിൽ അക്രമത്തിന്റേയും കാടത്തത്തിന്റേയും സംഭവങ്ങൾ ഉണ്ടാക്കുന്നവർക്കുമുള്ള മാതൃകയാണിത്, പാഠമാണിത്. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നുവെന്ന് വാദിക്കുന്ന നമ്മുടെ ചുമതലയാണ്, ഈ ആരോപണം ഉന്നയിക്കുന്നവരുടെ ആക്ഷേപങ്ങൾക്ക് കർമത്തിലൂടെ മറുപടി നല്കുക എന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മെ ഉപദേശിച്ചുകൊണ്ടു പറയുന്നു: 'ഞാൻ എന്റെ ജമാഅത്തിനെ ഉപദേശിക്കുകയാണ്. അഹങ്കാരത്തിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക. കാരണം അഹങ്കാരം നമ്മുടെ പ്രതാപവാനായ അല്ലാഹുവിന്റെ കണ്ണുകളിൽ ഏറ്റവും വെറുക്കപ്പെട്ടതാണ്. ഒരാൾ തന്റെ സഹോദരൻ പറയുന്നത് വിനയത്തോടെ കേൾക്കാൻ തയ്യാറാകാതെ മുഖംതിരിക്കുകയാണെങ്കിൽ അവനും അഹങ്കാരത്തിൽ ഭാഗഭാക്കാണ്. അഹങ്കാരത്തിന്റെ ഒരംശവും നിങ്ങളിൽ ഉണ്ടാകാതിരിക്കാൻ ശ്രമിക്കുക; നിങ്ങൾ നാശമടയാതിരിക്കാൻ! നിങ്ങൾ നിങ്ങളുടെ ബന്ധുക്കളും കുടുംബങ്ങളുമൊത്ത് മോക്ഷം പ്രാപിക്കാൻ! അല്ലാഹുവിലേക്ക് കുനിയുക. ലോകത്ത് ഒരു മനുഷ്യന് എത്രത്തോളം ഒരാളെ സ്നേഹിക്കാൻ കഴിയുമോ അത്രത്തോളം അല്ലാഹുവിനെ സ്നേഹിക്കുക. എത്രത്തോളം ഭയപ്പെടാൻ കഴിയുമോ അത്രത്തോളം അല്ലാഹുവിനെ ഭയപ്പെടുക. നിങ്ങളുടെമേൽ കരുണചെയ്യപ്പെടുന്നതിനുവേണ്ടി നിങ്ങൾ പരിശുദ്ധ ഹൃദയരും സദുദ്ദേശ്യരും പാവത്തുങ്ങളും മിസ്ക്കീന്മാരും നിരുപദ്രകാരികളുമാകുക. ഈ അവസ്ഥയാണ് നമ്മളിലോരോരുത്തരും ഉള്ളിലുണ്ടാക്കേണ്ടത്. ഈ ദിനങ്ങളിൽ ഈ പരിശ്രമത്തോടുകൂടി നിങ്ങളുടെ സർവവിധമായ അഹങ്കാരങ്ങളേയും അവസാനിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. സമാധാനം പരത്താൻ ശ്രമിക്കേണ്ടതാണ്. അതിന് ദുആകളിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്. സ്വാർഥപരമായ ആഗ്രഹങ്ങൾ മാത്രമാകരുത്. ഉദ്ദേശ്യവുമാകരുത്. ഉദ്ദേശ്യമുണ്ടെങ്കിൽ അത് അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകണമെന്നതു മാത്രമായിരിക്കണം. പറഞ്ഞു: ആത്മാർഥരായിക്കൊണ്ട് അവനിലേക്ക് കുനിയുക. ഇന്ദ്രിയാശകൾ പ്രകടിപ്പിക്കരുത്. ഇപ്രകാരം കുനിയുന്നവന് ഒരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല. എല്ലാ ഓരോ പ്രയാസങ്ങളിൽനിന്നും അവനു രക്ഷപ്പെടാനുള്ള വഴി സ്വയമേവ തെളിയുന്നതാണ്. **വമൻയ്യത്തഖില്ലാഹ യജ്അല്ലഹൂ മഖ്റജൻ-വ യർസുഖ്ഹൂ മിൻഹയ്ഥു ലാ യഹ്തസിബ്** എന്ന് അവൻ പറഞ്ഞതുപോലെ. ഇവിടെ രിസ്ഖ് കൊണ്ടുള്ള ഉദ്ദേശ്യം വെറും റൊട്ടിയല്ല. മറിച്ച് മനുഷ്യന് ആവശ്യമുള്ള ബഹുമാനം, അറിവ്, തുടങ്ങി എല്ലാ കാര്യങ്ങളും ഇതിൽ അടങ്ങുന്നുണ്ട്. അല്ലാഹുവിനോട് അല്പംമാത്രം ബന്ധം വെക്കുന്നവനും ഒരിക്കലും നഷ്ടപ്പെട്ടു പോകുകയില്ല.

അതുകൊണ്ട് ഈ നാളുകൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പരിശുദ്ധ മാറ്റമുണ്ടാക്കുന്നതിനും ദുആ സ്വീകാരത്തിനും അല്ലാഹു നമുക്ക് നല്കിയിട്ടുള്ളതാണ്. ഇതിലേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ആർക്കൊക്കെ ഏതേതെല്ലാം കാര്യത്തിലാണോ അഭിമാനമുള്ളത് അല്ലെങ്കിൽ ഏതൊരു കാര്യം നമ്മുടെ വിനയവും എളിമയും വർധിപ്പിക്കുന്നതിന് തടസമായി നിൽക്കുന്നുവോ അല്ലെങ്കിൽ ഏതൊരു കാര്യം നമ്മുടെ പരിസരത്ത് നമ്മൾ കാരണത്താൽ അസ്വസ്ഥതയ്ക്കും കുഴപ്പത്തിനും കാരണമാകാനിടയുണ്ടോ അവയെല്ലാം നമുക്ക് അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുമ്പിട്ടും അവനോടു സഹായം ചോദിച്ചും അകറ്റാൻ ശ്രമിക്കേണ്ടതാണ്; നമ്മൾ എല്ലായിടത്തും സമാധാനം പരത്തുന്നവരായിത്തീരുന്നതിനും അസ്വസ്ഥതയും കുഴപ്പങ്ങളും പരത്തുന്നവരാകാതിരിക്കുന്നതിനുംവേണ്ടിത്തന്നെ. കടമകൾ നിറവേറ്റാനും

സമാധാനം പരത്താനും അഹങ്കാരത്തിൽനിന്ന് രക്ഷപ്പെടാനും മറ്റൊരു സ്ഥലത്ത് അല്ലാഹു ഈ വാക്കുകളിൽ പറയുന്നു: **വഅ്ബുദല്ലാഹ വലാ തുശിരക്കൂ ബിഹീ ശയ്അൻ വബിൽവാലിദയ്നി ഇഹ്സാനൻ വ്വബിദിൽ ഖുർബാ വൽയത്താമാ വൽമാസാക്കീനി വൽജാരിദിൽ ഖുർബാ വൽജാരിൽജുനുബി വസ്സ്വാഹിബി ബിൽജമ്പി വബ്നിസ്സബീലി വമാ മലക്കത്ത് അയ്മാനുക്കും ഇന്നല്ലാഹ ലാ യുഹിബ്ബു മൻ കാന മുഖ്ത്താലൻ ഫഖൂറാ** അല്ലാഹുവിനെ ആരാധിക്കുക. മറ്റൊന്നിനേയും അവന്റെ കൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക; അടുത്ത ബന്ധുക്കൾക്കും യതീംകൾക്കും അഗതികൾക്കും അടുത്ത ബന്ധുവായ അയൽവാസിക്കും അന്യനായ അയൽവാസിക്കും തൊട്ടടുത്തുള്ള കൂട്ടുകാരനും യാത്രക്കാരനും നിങ്ങളുടെ ഉടമസ്ഥതയിലുള്ളവനും (നന്മകൾ ചെയ്യുക). അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെഅല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.(4:37)

ഈ ആയത്തിൽ അല്ലാഹുവിനോടുള്ള ആരാധനയേയും ശിർക്കിൽനിന്ന് തടഞ്ഞതിനുശേഷം ചിലകടമകളേയും കുറിച്ച് പറഞ്ഞിരിക്കുന്നു. റമളാൻ ആരാധനകളിലേക്ക് ശ്രദ്ധക്ഷണിക്കുന്ന മാസമാകുന്നതോടൊപ്പം സമൂഹത്തിനോടുള്ള കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധക്ഷണിക്കുന്ന മാസവുമാണ്. ഈ നാളുകളിൽ ആ കടമകൾ നിറവേറ്റുന്നതിലേക്കും ശ്രദ്ധിക്കേണ്ടത് മുഅ്മിന്റെ നിർബന്ധ കടമയാണ്. യഥാർഥത്തിൽ ഈ കടമാനിർവഹണം എന്നെന്നേക്കുമുള്ളതാണ്, അത് മനുഷ്യൻ ചെയ്യേണ്ടതാണ്. ഈ നാളുകളിൽ നമുക്ക് അതിന്റെ ശീലമുണ്ടാക്കാൻ കഴിയുന്നതാണ്. ഈ കടമ നിർവഹിക്കുന്നില്ലെങ്കിൽ വെറും ആരാധനകൾ മുഅ്മിനെ റമളാന്റെ എല്ലാ ഉദ്ദേശ്യങ്ങളും വഹിക്കുന്നവനാക്കുകയില്ല. യഥാർഥ ഉദ്ദേശ്യമെന്നു പറയുന്നത് പരിശുദ്ധമാറ്റം നമ്മളിലുണ്ടാക്കുകയും അത് ജീവിതത്തിന്റെ ഭാഗമാക്കുകയും ചെയ്യുക എന്നതാണ്. ഒന്ന് ആരാധനകളാണ്. ആരാധനകൾ നമ്മൾ ഈ മാസത്തിൽ അനുഷ്ഠിക്കുമ്പോൾ എന്നെന്നേക്കുമുള്ള ജീവിതത്തിന്റെ ഭാഗമാക്കുക. കടമാനിർവഹണമുണ്ട്. അതിലേക്ക് നമ്മൾ ഈ മാസത്തിൽ ശ്രദ്ധിക്കുമ്പോൾ എന്നെന്നേക്കുമുള്ള ജീവിതത്തിന്റെ ഭാഗമാക്കുക. അതുകൊണ്ടാണ് നബി(സ)തിരുമേനി പറഞ്ഞത്, ഒരു രിവായത്തിൽ വന്നിരിക്കുന്നു, അവിടന്ന് മനുഷ്യരോടുള്ള കടമ നിറവേറ്റുന്നതിനായി, ദരിദ്രരേയും അഗതികളേയും സഹായിക്കുന്നതിനായി ഈ നാളുകളിൽ പ്രത്യേകമായ നിലയിൽ തന്റെ കൈകളെ എത്രമാത്രം തുറന്നിരുന്നുവെന്നാൽ രിവായത്തിൽ വരുന്നു, ആ മഹാത്മാവിന്റെ ധർമം ശക്തമായ കാറ്റിനെക്കാളും വർധിക്കുമായിരുന്നു. സാധാരണ അവസ്ഥയിലും ആ മഹാത്മാവിന്റെ ധർമത്തിന്റെ നിലവാരം മറ്റാർക്കും എത്താൻ കഴിയാത്തവിധം ഉയർന്നതായിരുന്നു. പിന്നീട് റമളാനിലെ ആ ധർമത്തെ ഉദാഹരിക്കുന്നതിനുവേണ്ടി ശക്തമായ കാറ്റിന്റെ ഉപമ പറഞ്ഞിരിക്കുന്നു. ഇതിനെക്കാൾ വലിയൊരു ഉദാഹരണം പറയാനില്ല. എന്തായാലും ഇത് ആവശ്യക്കാരോടുള്ള കടമ നിർവഹിക്കലാണ്. അതിന്റെ ഉന്നതമായ മാതൃക നബി(സ)തിരുമേനി സ്ഥാപിച്ചിരിക്കുന്നു.

അല്ലാഹു എല്ലാ ആരാധകരിൽനിന്നും ഈ ഉൽകൃഷ്ട സ്വഭാവമാണ് പ്രതീക്ഷിക്കുന്നത്. അതിനായി കല്പിക്കുകയും ചെയ്യുന്നു. വിനയനായിക്കൊണ്ട് ഒരു മുഅ്മിൻ ചെയ്യേണ്ടതാണത്. ഈ കടമകൾ നിർവഹിക്കുമ്പോൾ എന്തോ വളരെ വലിയ വലുപ്പത്തമാണെന്ന് മനസ്സിലാക്കരുത്. കടമാനിർവഹണം വലുപ്പത്തമല്ല. പ്രത്യുത എല്ലാ മുഅ്മിനീംകളുടേയും നിർബന്ധ കടമായാണ്. ഈ കടമകളുടെ നിർവഹണം കൊണ്ടുതന്നെയാണ് ഇബാദത്തുകളും സ്വീകരിക്കപ്പെടുന്നത്. ആയത്തിൽ വ്യക്തമായിരിക്കുന്നതുപോലെ! അതിൽ മാതാപിതാക്കളോടുള്ള കടമകളുണ്ട്. ബന്ധുക്കളോടുള്ള കടമകളുണ്ട്. അനാഥരോടുള്ള കടമകളുണ്ട്. അഗതികളോടുള്ള കടമകളുണ്ട്. അടുത്ത ബന്ധുവായ അയൽവാസിയോടുള്ള കടമകളുണ്ട്. അന്യനായ അയൽവാസിയോടുള്ള കടമകളുണ്ട്. വിവിധ അവസരങ്ങളിൽ കൂടെ താമസിക്കുന്നവരോടും ഒന്നിച്ചിരിക്കുകയും എഴുന്നേല്ക്കുകയും ചെയ്യുന്നവരോടുള്ള കടമകളുണ്ട്. യാത്രക്കാരനോടുള്ള കടമകളുണ്ട്. നമ്മുടെ ഉടമസ്ഥതയിലുള്ളവരോടും നമ്മെ ആശ്രയിച്ചുനില്ക്കുന്നവരോടുമുള്ള കടമകളുണ്ട്. ഈ ഒരൊറ്റ വചനത്തിൽ മുഴുവൻ മനുഷ്യകുലത്തിനോടുമുള്ള കടമകൾ നിർവഹിക്കണമെന്ന് പറയുകയും കല്പന നല്കുകയും ചെയ്തിരിക്കുന്നു.

മാതാപിതാക്കളോടുള്ള കടമകൾ നിർവഹിക്കേണ്ടുന്നതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ മറ്റിടങ്ങളിലും പറയുന്നുണ്ട്. വാർധക്യത്തിൽ അവരെ സേവിക്കുക, അവരെ ശ്രദ്ധിക്കുക മക്കളുടെ നിർബന്ധ കടമയാണ്. ഇതു ഔദാര്യമൊന്നുമല്ല. ബന്ധുക്കളോടുള്ള കടമകളുണ്ട്. ഇതു സംബന്ധമായി ഭാര്യയും ഭർത്താവും പരസ്പരമുള്ള ബന്ധുക്കളോടുള്ള കടമകൾ നിർവഹിക്കുകയാണെങ്കിൽ, അമ്മായിഅമ്മമാരോടുള്ള കടമകൾ നിറവേറ്റിക്കൊണ്ടിരുന്നാൽ-അതിനെ സംബന്ധിച്ച അല്ലാഹുവിന്റെ കല്പനയുമുള്ളതാണ്, രക്തബന്ധുക്കളേയും ഗൗനിക്കുക എന്ന്-ഒരുപാട് വഴക്കുകൾ വീടുകളിൽ അവസാനിക്കുന്നതാണ്. സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും അന്തരീക്ഷം ഉണ്ടാകുന്നതാണ്. ഏതെല്ലാം വീടുകളിലാണോ ഇത്തരത്തിലുള്ള വൈരാഗ്യങ്ങളുള്ളത്-ഒരുപാട് പ്രശ്നങ്ങൾ വരാറുണ്ട്- അതിൽ ചിന്തിക്കേണ്ടതാണ്. ഈ നാളുകളിൽ പ്രത്യേകമായും പിടിവാശിയും ഈഗോയുമായി നില്ക്കുന്നതിനു പകരം നിങ്ങളുടെ വീടുകളെ നല്ലതാക്കിത്തീർക്കാൻ ശ്രമിക്കേണ്ടതാണ്.

യതീംകളെ പരിപാലിക്കുന്നതും വളരെ സുപ്രധാനമായൊരു കടമയാണ്. അവരെ സമൂഹത്തിന്റെ അവിഭാജ്യഘടകമാക്കാൻ ശ്രമിക്കേണ്ടതാണ്. അവരോടുള്ള കടമാനിർവണത്തിന് നബി(സ)തിരുമേനി എത്രമാത്രം പ്രാധാന്യം നല്കിയിരിക്കുന്നുവെന്നാൽ അവിടന്ന് പറഞ്ഞു, 'സ്വർഗത്തിൽ ഞാനും യതീമും ഇങ്ങനെയായിരിക്കുമെന്ന് പറഞ്ഞുകൊണ്ട് തന്റെ നടുവിരലും ചൂണ്ടുവിരലും ചേർത്തു പിടിച്ച് കാണിക്കുകയുണ്ടായി. ഈ പ്രാധാന്യം ജമാഅത്തംഗങ്ങൾ എപ്പോഴും തങ്ങളുടെ മുമ്പിൽ വെക്കേണ്ടതാണ്. യതീംകളുടെ പരിപാലനത്തിനായി ചെലവു ചെയ്യേണ്ടതാണ്. ജമാഅത്ത് തലത്തിൽ അതിനുള്ള ഏർപാടുണ്ട്. പിന്നീട് ദരിദ്രരോടും അഗതികളോടുമുള്ള കടമകളാണ്. ഇതിൽ വിദ്യാഭ്യാസത്തിന്റെ ചെലവുകളുണ്ട്. ചികിത്സകൾക്കുള്ള ചെലവുകളുണ്ട്. വിവാ

ഹച്ചെലവുകളുണ്ട്. ഈ എല്ലാ ചെലവുകളും പൂർത്തിയാക്കുന്നതിനുവേണ്ടി ജമാഅത്തിൽ വേറിട്ട് ഫണ്ടും തുടങ്ങിയിട്ടുണ്ട്. അതിലും കഴിവുള്ളവർ പങ്കെടുക്കേണ്ടതാണ്. ജമാഅത്തിന്റെ വ്യവസ്ഥിതിയനുസരിച്ച് ചെലവഴിക്കേണ്ടതാണ്.

സ്നേഹവും സന്തോഷവും പരത്തുന്ന മനോഹരമായ അധ്യാപനമാണിത്. ഇത് ഐക്യത്തിന്റേയും രഞ്ജിപ്പിന്റേയും അടിത്തറയിടുന്നു. ചുറ്റുപാടും സമാധാനവും ശാന്തിയുമുണ്ടാക്കുന്നു. പിന്നീട് കൂട്ടുകാരോടും യാത്രക്കാരോടും കടമകൾ നിറവേറ്റണമെന്ന കല്പനയാണ്. ഈ വാക്കുകൾ കടമകൾ നിറവേറ്റുന്നതിൽ ഭാര്യാഭർത്താക്കന്മാരുടെ കടമകൾ നിറവേറ്റുന്നതിനേയും വലയം ചെയ്തിരിക്കുന്നു. അതുപോലെതന്നെ തങ്ങളുടെ കൂട്ടുകാരോടും സ്നേഹിതന്മാരോടും കൂടെജോലി ചെയ്യുന്നവരോടുമുള്ള കടമകളെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ഓഫീസർമാരേയും കീഴുദ്യോഗസ്ഥരേയും ഉൾപ്പെടുത്തിയിരിക്കുന്നു. പിന്നീട് പറഞ്ഞു, **വമാമലക്കത്ത് ഐമാനുക്കും** എല്ലാ തരത്തിലും കീഴിലുള്ളവരോടും സംരക്ഷണത്തിലുള്ളവരോടുമുള്ള കടമകളും നിറവേറ്റാൻ പറഞ്ഞു. ഇതെല്ലാം വിവരിച്ചുകൊണ്ടു പറഞ്ഞു, ഈ കടമകൾ നിറവേറ്റുന്നില്ലെങ്കിൽ നിങ്ങളിൽ അഹങ്കാരവും ദുരഭിമാനവുമുണ്ട്. അത് അല്ലാഹു കഠിനമായി വെറുക്കുന്നതാണ്.

ലോകത്ത് സമാധാനം സ്ഥാപിക്കാനും ശാന്തി പരത്താനും എല്ലാതരം വിഭാഗത്തോടുമുള്ള കടമകൾ നിർവഹിക്കാനുമുള്ള ഇസ്‌ലാമിന്റെ മനോഹര സന്ദേശമാണിത്. ഈ നാളുകൾ നമുക്ക് കൈവന്നിരിക്കുകയാണ്. അത് നമ്മെ അല്ലാഹുവിന്റെ സമീപത്തെത്തിക്കുന്ന നാളുകളാണ്. എന്നല്ല അല്ലാഹു സ്വയം നമ്മുടെ സമീപത്ത് വന്നിരിക്കുകയാണ്. അവനോടുള്ള കടമയും ജമാഅത്തിനോടുള്ള കടമയും അവന്റെ ദാസരോടുള്ള കടമയും നിർവഹിക്കുന്നവരോ അവരെ അനുഗ്രഹിക്കാൻ അവനാഗ്രഹിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ നമുക്ക് വിനയം സ്വീകരിച്ചുകൊണ്ട് ഈ എല്ലാതരത്തിലുള്ള കടമകളും നിർവഹിക്കുന്നതിലേക്ക് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. ഈ നാളുകൾ റമളാന്റെ ഒരു പ്രത്യേക അന്തരീക്ഷം കാരണത്താൽ അല്ലാഹുവിനോടുള്ള ഇബാദത്തിന്റെ കടമ നിർവഹിക്കുന്നതിനും പറയുന്നുണ്ട്. മറ്റുനന്മകൾ ചെയ്യുന്നതിലേക്കും ശ്രദ്ധക്ഷണിക്കുന്നുണ്ട്. അതിൽനിന്ന് കൂടുതൽ ഫലമെടുക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. നമുക്ക് നമ്മുടെ ഇബാദത്തുകൾ സ്വീകരിപ്പിക്കണമെങ്കിൽ അല്ലാഹുവിന്റെ ദാസരോടുള്ള കടമകൾ നിറവേറ്റുന്നതിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടിവരും. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "ആകാശത്തിൽ അല്ലാഹു നിങ്ങളെ ഇഷ്ടപ്പെടണമെന്നാഗ്രഹിക്കുന്നെങ്കിൽ ഒരു വയറ്റിൽനിന്നു വന്ന രണ്ടു സഹോദരങ്ങളെപ്പോലെ ആയിത്തീരുവിൻ. ആകാശത്ത് നിങ്ങളിലും കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി നിങ്ങളുടെ കീഴിലുള്ളവരോടും ഭാര്യാമാരോടും നിങ്ങളുടെ സാധു സഹോദരങ്ങളോടും കരുണ കാണിക്കുക. നിങ്ങൾ യഥാർഥത്തിൽ അവന്റേതാകുക അവനും നിങ്ങളുടേതാകുന്നതിനുവേണ്ടി." അവിടന്ന് ഒരിടത്തു പറഞ്ഞു: "തങ്ങളുടെ ആയുസ്സ് നീട്ടാൻ ആഗ്രഹിക്കുന്നവർ നല്ല കാര്യങ്ങൾ പ്രബോധിക്കുക. സൃഷ്ടികൾക്ക് ഗുണം ചെയ്യുക." അല്ലാഹു നമുക്ക് നമ്മുടെ ആരാധനകളോടൊപ്പം സൃഷ്ടികളുമായി ബന്ധപ്പെട്ട എല്ലാ കടമകളും നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ യഥാർഥമായ രീതിയിൽ പരമകാരുണികന്റെ ദാസരാകട്ടെ. അല്ലാഹുവിന്റെ സാമീപ്യത്തെ ഈ റമളാനിൽ മുമ്പത്തെക്കാളുപരി പ്രാപിക്കുന്നവരാകട്ടെ. പിന്നീട് സ്ഥിരമായി ജീവിതത്തിന്റെ ഭാഗമാക്കുന്നവരാകട്ടെ.

ഖുത്ബയുടെ അവസാനം ഹുദൂർ മുകർറം മുഹമ്മദ് അഹ്മദ് കാല അഫ്ഗാൻ ദർവേശിന്റെ ഭാര്യ 2015 ജൂൺ 4 ന് വഫാത്തായ മുകർറമ ഹിദായത്ത് ബീബീ സാഹിബയേയും ഇപ്രകാരം തന്നെ വാഖിഫെ സിന്ദഗിയും ജാമിഅ അഹ്മദിയ്യ റബ്വയിലെ ഉസ്താദുമായ 2015 മെയ് 18-ാം തിയതി 98-ാം വയസ്സിൽ റബ്വയിൽ വഫാത്തായ മുകർറം മൗലവി മുഹമ്മദ് അഹ്മദ് ഥാഖിബ് സാഹിബിനേയും അനുസ്മരിച്ചു. ജനാസ ഗായിബ് നമസ്കരിക്കുമെന്ന് വിളംബരം ചെയ്യുകയുണ്ടായി. അവരുടെ മഗ്ഫിറത്തിനും ദർജകളുടെ ഉയർച്ചയ്ക്കുംവേണ്ടി ദുആ ചെയ്തു.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 26.06.15
Malayalam Translation : Mau.Mohammad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala